"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.നിഷ എം.ചാക്കോ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ഫയൽ ചെയ്ത OA (EKM) No.818/2023-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.06.2023-ലെ ഉത്തരവ് അനുപാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1855/2023/H&FWD തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:-

1. 15.06.2023- ലെ ഇ.എ.1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. 15.06.2023-ൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ ഡോ.നിഷ.എം.ചാക്കോ, ജൂനിയർ കൺസൾട്ടന്റ്(പീഡിയാട്രിക്സ്) സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure-A9).
3. OA (EKM) No.818/2023-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.06.2023-ലെ ഉത്തരവ്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.07.2023-ലെ ഇ.എ1-13452/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച വിവിധ സ്പെഷ്യാലിറ്റികളിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പൊതു സ്ഥലം മാറ്റ ഉത്തരവിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ഡോ. നിഷാ എം ചാക്കോയെ എറണാകുളം മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നിന്നും തൃശൂർ വടക്കൻഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയതിനെതിരെ ടിയാൾ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച OA-818/2023 അപേക്ഷയിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ഹർജിയിലെ പരാമർശം (2) അനുബന്ധം എ9 പ്രകാരമുള്ള ഡോ. നിഷാ എം ചാക്കോയുടെ അപേക്ഷയിൽ ടിയാളെയും മൂന്നാം എതിർ കക്ഷിയായ ഡോ. യെൽദൊ കെ. വർഗ്ഗീസിനെയും, പ്രസ്തുത ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു.

2) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെയും ടി ഹർജിയിലെ മൂന്നാം എതിർകക്ഷി ഡോ. യെൽദൊ കെ. വർഗ്ഗീസിനെയും

0195773

**15.07.2023** തീയതി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ചുവടെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ നേരിൽ കേട്ടു.

3) പരാമർശം (2) അനുബന്ധം 9 ലും ഹിയറിംഗ് സമയത്തും അപേക്ഷക ചൂണ്ടി കാണിച്ച പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.

അപേക്ഷക പൊതു സ്ഥലം മാറ്റത്തിന് യഥാസമയം 5 ഓപ്ഷനുകൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കരട് പൊതു സ്ഥലം മാറ്റ പട്ടികയിൽ അപേക്ഷകയ്ക്ക് അനുവദിച്ച സ്റ്റേഷനായ പിറവം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഒഴിവ് ഉണ്ടായിരുന്നില്ലാത്തതിനാൽ അപേക്ഷക ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചെങ്കിലും പ്രസ്തുത അപ്പീൽ പരിഗണിക്കപ്പെട്ടില്ല എന്നും അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ അപേക്ഷകയെ തൃശൂർ ജില്ലയിലെ വടക്കൻചേരി ജില്ലാ ആശുപത്രിയിലേക്കാണ് സ്ഥലം മാറ്റിയതെന്നും അപേക്ഷക പറഞ്ഞു. ജില്ലയ്ക്ക് പുറത്ത് രണ്ട് വർഷത്തോളം സേവനത്തിന് ശേഷമാണ് മാതൃ ജില്ലയായ എറണാകുളത്തേക്ക് സ്ഥലം മാറ്റം ലഭിച്ചതെന്നും പ്രായമുള്ള മാതാപിതാക്കൾ ചെറിയ കുട്ടികൾ എന്നിവരുൾപ്പെടുന്ന കുടുംബത്തിന് ടിയാളുടെ സാന്നിധ്യം അത്യാവശ്യമാണെന്നും അതിനാൽ സ്ഥലം മാറ്റ ഉത്തരവ് പുനഃ പരിശോധിക്കണമെന്നുമാണ് അപേക്ഷക ആവശ്യപ്പെട്ടിട്ടുള്ളത്.

4) മൂന്നാം എതിർ കക്ഷിയും അപേക്ഷക ഡോ നിഷ എം ചാക്കോ യുടെ സ്റ്റേഷനിലേക്ക് പകരം നിയമിച്ചയാളുമായ ഡോ എൽദോ കെ.വർഗീസിനെ നേരിൽ കേട്ടതിൽ ടിയാൻ മുൻ സ്റ്റേഷനായ കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നിന്നും പൊതു സ്ഥലം മാറ്റ ഉത്തരവ് പ്രകാരം വിടുതൽ ചെയ്തുവെന്നും നിലവിൽ പ്രവേശന കാലയളവ് ആണെന്നും അറിയിച്ചു. മാത്രമല്ല ടിയാൻ ദുർഘട സ്റ്റേഷനായ കട്ടപ്പന താലൂക്ക് ആശുപത്രിയിൽ 08.01.2019 മുതൽ ജോലി ചെയ്ത് വരികയാണെന്നും മൂന്ന് മാസം നെന്മാറ താലൂക്ക് ആശുപത്രിയിലേതടക്കം നാല് വർഷത്തെയും എട്ട് മാസത്തേയും ഔട്ട് സ്റ്റേഷൻ സർവ്വീസ് ഉണ്ടെന്നും പറഞ്ഞു. മാത്രമല്ല ടിയാന്റെ പത്നി തൊടുപുഴ അൽ അസ്ഹർ ആശുപത്രിയിൽ ENT സർജനായി നിലവിൽ സേവനത്തിൽ പ്രവേശിച്ചെന്നും കുട്ടികളുടെ സംരക്ഷണം അടക്കമുള്ള ഉത്തരവാദിത്തങ്ങൾ കൂടി നിർവ്വഹിക്കേണ്ടതിനാലും **Lumbar Disc Disease** ഉള്ളതിനാൽ ദീർഘയാത്ര ചെയ്യാൻ ബുദ്ധിമുട്ടാണെന്നും നിലവിൽ സ്ഥലം മാറ്റം നൽകിയ മൂവാറ്റുപുഴ താലൂക്ക് ആശുപത്രിയിൽ സേവനത്തിൽ പ്രവേശിക്കാൻ അനുമതി നൽകണമെന്നും അറിയിച്ചു.

5) ഈ വിഷയത്തിൽ പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ അപേക്ഷക ഡോ.നിഷ എം. ചാക്കോ സ്ഥലം മാറ്റത്തിനായി പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രി, കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രി, ആലുവ ജില്ലാ ആശുപത്രി, പിറവം താലൂക്ക്

ആശുപത്രി, തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രി എന്നിങ്ങനെ അഞ്ച് സ്റ്റേഷനുകൾ അപേക്ഷിച്ചിരുന്നു എന്നും ഇതിൽ ആദ്യ രണ്ട് ഓപ്ഷനുകളിൽ ടിയാളെക്കാൾ അർഹരായ രണ്ട് ഡോക്ടർമാർക്കാണ് സ്ഥലം മാറ്റം അനുവദിച്ചതെന്നും മറ്റ് മൂന്ന് സ്റ്റേഷനുകളിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ കഴിയുന്ന ഡോക്ടർമാർ ആരും തന്നെ സേവനത്തിൽ ഉണ്ടായിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. മാത്രമല്ല ഡോ. യെൽദോ കെ. വർഗ്ഗീസിന് ടിയാളുടെ ഓപ്ഷൻ പ്രകാരം അർഹമായ സ്റ്റേഷൻ അനുവദിച്ചപ്പോൾ അപേക്ഷകയെ തൃശൂർ വടക്കൻ ചേരിയിലേക്ക് സ്ഥലം മാറ്റേണ്ടി വന്നു എന്നുമാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

6) ഹിയറിംഗ് സമയത്ത് അപേക്ഷക ഡോ നിഷ എം. ചാക്കോ ടിയാളെ സ്ഥലം മാറ്റുകയാണെങ്കിൽ മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട് കൊച്ചി ആശുപത്രി, അങ്കമാലി താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവയിൽ ഒന്നിൽ, സ്ഥലം മാറ്റത്തിലൂടെയോ സ്ഥാനക്കയറ്റത്തിലൂടെയോ ഉണ്ടാകുന്ന ഒഴിവിൽ പരിഗണിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

7) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷക ഡോ. നിഷ എം. ചാക്കോ നിലവിലെ സ്റ്റേഷനായ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ 23.01.2018 മുതൽ ജോലി ചെയ്തുവരുന്നതാകയാൽ അർഹത ഉള്ള ആൾ ആവശ്യപ്പെട്ടാൽ സ്ഥലം മാറ്റപ്പെടേണ്ട ഉദ്യോഗസ്ഥയായതുകൊണ്ടും, മൂന്നാം എതിർകക്ഷിയായ ഡോ.യെൽദോ കെ. വർഗ്ഗീസിന്റെ അപേക്ഷയിലെ അർഹത മാനദണ്ഡ പ്രകാരം പരിഗണിച്ച് സ്ഥലം മാറ്റം അനുവദിച്ച് ടിയാൾ നിലവിൽ പഴയ സ്റ്റേഷനിൽ നിന്നും റിലീവ് ചെയ്ത് നിൽക്കുന്നതിനാലും, ഡോ. നിഷ എം. ചാക്കോയ്ക്ക് നിലവിൽ നൽകിയ തൃശൂർ വടക്കാഞ്ചേരിയിലേക്കുള്ള സ്ഥലം മാറ്റം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

8) എറണാകുളം ജില്ലയിലോ തൃശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ആശുപത്രിയിലോ പീഡിയാട്രിക് ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഇനി ഉണ്ടാകുന്ന ആദ്യ ഒഴിവിൽ അപേക്ഷക ഡോ.നിഷ എം. ചാക്കോക്ക് നിയമനം നൽകുന്നത് പരിഗണിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

9) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റ OA (EKM) No.818/2023-ന്മേലുള്ള 19.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സജിത് നാസർ കെ എ എസ്

0195412

GOVERNMENT OF KERALA

സ.ഉ.(സാധാ) നം.1855/2023/H&FWD

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഇടുക്കി / എറണാകുളം/തൃശ്ശൂർ.

ഡോ.നിഷ എം. ചാക്കോ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), ചാമക്കാല ഹൗസ്, ഇരിങ്ങോൾ.പി.ഒ., പെരുമ്പാവൂർ, എറണാകുളം -683 548.

ഡോ.യെൽദോ കെ. ഗീവർഗ്ഗീസ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), താലൂക്ക് ആശുപത്രി, കട്ടപ്പന, ഇടുക്കി - 685 508.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 27-07-2023 16:57:07

മേലെഴുത്ത് നം. ഇ.എ1 - 13452/2023/ആ.വ.ഡ, തീയതി 29.07.2023.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡ.യ്ക്ക് വേണ്ടി